## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ആഴ്ചയിലൊരിക്കൽ 1 കിലോ ചാണകവും 10 ഗ്രാം റോക്ക് ഫോസ്ഫേറ്റും കലക്കി ഒഴിക്കേണ്ടതാണ്. പച്ച ചാണകത്തിന് പകരം 4–5 ദിവസം ഉണങ്ങിയ ചാണകം ഉപയോഗിക്കുന്നതാണ് കൂടുതൽ അഭികാമ്യം.
2. അസോള തിങ്ങി വളർന്നാൽ തുടർ വളർച്ചയെ പ്രതികൂലമായി ബാധിക്കും എന്നതിനാൽ ദിവസേന വിളവെടുക്കുക.
3. മാസത്തിലൊരിക്കൽ അടിത്തട്ടിലെ മണ്ണിന്റെ 10 ശതമാനം മാറ്റി പുതിയ മണ്ണ് ഇട്ട്കൊടുക്കേണ്ടതാണ്. ആഴ്ചയിലൊരിക്കൽ മൂന്നിലൊന്ന് ഭാഗം വെള്ളം മാറ്റി പുതിയ വെള്ളം ഒഴിക്കുക. ഇത് നൈട്രജന്റെ അളവ് ക്രമാതീതമായി വർദ്ധിക്കുന്നത് തടയും.
4. ആറ് മാസം കൂടുമ്പോഴോ വലിയ തോതിൽ രോഗ–കീട ലക്ഷണങ്ങൾ കാണുമ്പോഴോ ബെഡ് മാറ്റി പുതുതായി കൃഷി ചെയ്യുന്നതാണ് ഉത്തമം.
5. അസോള കോരിയെടുക്കുന്നതിന് 1 ച. സെ.മീ. കണ്ണിവലിപ്പം ഉള്ള ട്രേ ഉപയോഗിക്കുന്നത് വിത്തുകൾ നഷ്ടപ്പെടാതെ സഹായിക്കും.
6. അസോളയ്ക്ക് ചാണകത്തിന്റെ മണമുണ്ടാകും എന്നതിനാൽ തീറ്റയ്ക്ക് ഉപയോഗിക്കുന്നതിന് മുൻപ് നന്നായി കഴുകണം.

---


***Published by*** *: Dr. A. Gopalakrishnan, Director, ICAR-Central Marine Fisheries Research Institute, Kochi - 18*

***Prepared by*** *: Dr. K. Smita Sivadasan & Dr. Shinoj Subramannian, ICAR-Krishi Vigyan Kendra (Ernakulam), Narakkal - 682 505*

February 2020 **Rs.5/-**



കൃഷി വിജ്ഞാന പരമ്പര 2/2020

भाकृ अनुप
ICAR


# അസോള




सी एम एफ आर आइ
CMFRI

**കൃഷിവിജ്ഞാനകേന്ദ്രം**

**കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം**

*(ദേശീയ കാർഷിക ഗവേഷണ കൗൺസിൽ)*

ഞാറയ്ക്കൽ പി.ഒ., എറണാകുളം – 682 505

ഫോൺ : 0484-2972450 ഇ.മെയിൽ : kvk.ernakulam@icar.gov.in


# അസോള

പന്നൽ വർഗത്തിൽപ്പെട്ട ഒരു ചെറു സസ്യമാണ് അസോള. ഇവയിൽ, 25-35 ശതമാനം മാംസ്യവും, 10-15 ശതമാനം ധാതു ലവണങ്ങളും 7 മുതൽ 10 ശതമാനം വരെ അമിനോഅമ്ലങ്ങളും ഉള്ളതുകൊണ്ട് വളർത്തുമൃഗങ്ങൾക്കും പക്ഷികൾക്കും മത്സ്യങ്ങൾക്കും മറ്റും ഇവ തീറ്റയായി ഉപയോഗിക്കാവുന്നതാണ്.

അസോള ആദ്യമായി കൊടുക്കുമ്പോൾ തീറ്റയിൽ ചേർത്ത് നല്കുന്നതാണ് നല്ലത്. 1-2 ആഴ്ച കഴിയുമ്പോൾ തനിച്ചും നൽകാവുന്നതാണ്. കന്നുകാലികളിൽ പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഇത് സഹായിക്കും. അസോള തീറ്റയിൽ ഉൾപ്പെടുത്തിയാൽ തിരിതീറ്റയുടെ അളവ് 10-15 % വരെ കുറയ്ക്കാവുന്നതാണ്. പശുവിന് ദിവസേന 2 കിലോ, ആടിന് 400 ഗ്രാം, മുട്ടക്കോഴിക്ക് 20 ഗ്രാം എന്ന തോതിൽ നൽകാവുന്നതാണ്. മീനുകൾക്കും ഇത് തീറ്റയിൽ ഉൾപ്പെടുത്തി കൊടുക്കാവുന്നതാണ്. നെൽ-മീൻ സംയോജിത കൃഷിയിൽ തീറ്റയായും വളമായും ഉപയോഗിക്കാവുന്നതാണ്.

**വളർത്തേണ്ടരീതി**

സിൽപോളിൻ ഷീറ്റുകളിലും കോൺക്രീറ്റ് ടാങ്കുകളിലും അസോള വളർത്താവുന്നതാണ്. 2 മീറ്റർ നീളവും 1 മീറ്റർ വീതിയും 20 സെ.മീ. താഴ്ചയുള്ള കുഴിയാണ് ചെറുകിട കർഷകർക്ക് അനുയോജ്യം. കുഴി എടുത്തതിനുശേഷം കുറച്ച് പ്ലാസ്റ്റിക് ചാക്കുകൾ നിരത്തി ഇതിനു മുകളിൽ 200 ജി.എസ്.എമ്മോ അതിൽ കൂടുതലോ കട്ടിയുള്ള സിൽപ്പോളിൻ ഷീറ്റ് വിരിച്ചശേഷം 0.5 സെ.മീ. കനത്തിൽ മേൽമണ്ണ് (ഈ വലിപ്പമുള്ള കുഴിക്ക് 10-15 കിലോ) നിരത്തിയിടുക. അതിനു മുകളിലേയ്ക്കു 2 കിലോ ചാണകവും, 10-15 ഗ്രാം റോക്ക് ഫോസ്ഫേറ്റ് അല്ലെങ്കിൽ 15-20 ഗ്രാം രാജ്ഫോസ് വെള്ളത്തിൽ കലക്കി എല്ലായിടത്തും ഒഴിക്കുക (ഇത് വേരുകളുടെ



വളർച്ചയ്ക്ക് സഹായിക്കും). അതിന് ശേഷം 10 സെ.മീ. ഉയരത്തിൽ വെള്ളം നിറച്ച് 1 കിലോ അസോള വിത്ത് വിതറുക. പത്ത് ദിവസം കഴിയുമ്പോൾ മുതൽ ദിവസേന 750 മുതൽ 800 ഗ്രാം വരെ അസോള വിളവെടുത്തു തുടങ്ങാം. ഇത് ഒരു പശുവിന് അല്ലെങ്കിൽ 30 കോഴികൾക്ക് ആവശ്യത്തിന് മതിയാകും.

നേരിട്ട് സൂര്യപ്രകാശം അടിക്കുന്നത് ചൂട് അധികമാകാനും അസോള തവിട്ടു നിറമായി നശിക്കാനും ഇടവരുത്തും. തൻമൂലം കുറച്ചു സമയമെങ്കിലും തണലുള്ള സ്ഥലം തിരഞ്ഞെടുക്കുക. മഴക്കാലം അസോളയുടെ വളർച്ചയ്ക്ക് നന്നല്ല. രോഗകീട സാധ്യത കൂടും.

അസോള വളർത്തുന്ന കുഴിയിൽ കാറ്റ് വീശി അടിച്ചാൽ അത് വെള്ളത്തിൽ അനക്കം ഉണ്ടാക്കി വിത്തുകൾ ഒരു വശത്തേക്ക് അടിഞ്ഞ് കൂടാൻ കാരണമായി വളർച്ചയെ ബാധിക്കും. അതുകൊണ്ട് കാറ്റ് കുറവുള്ള സ്ഥലം തിരഞ്ഞെടുക്കുകയാണ് ഉചിതം.

